**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2144** — **05.05.2017-ൽ മറുപടിയ്ക്ക്**

## കടലിൽ കൃത്രിമപ്പാര് നിക്ഷേപം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | തീരക്കടലിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഉണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയ്ക്കായി 100 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇത് ഉപയോഗിച്ച് നിർമ്മിച്ച 120 എണ്ണം കൃത്രിമപ്പാരുകൾ 21/04/2017 ന് തുമ്പ തീരക്കടലിൽ നിക്ഷേപിച്ചു. പുല്ലുവിള തീരക്കടലിൽ 120 കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) | പദ്ധതിയുടെ ഭാഗമായി എത്ര കൃത്രിമപ്പാരുകൾ തീരക്കടലിൽ നിക്ഷേപിക്കുമെന്ന് അറിയിക്കാമോ; നേരത്തേ ഇത്തരം കൃത്രിമപ്പാരുകൾ കടലിൽ നിക്ഷേപിക്കുകയുണ്ടായോ; എങ്കിൽ എവിടങ്ങളിലാണ് അത് നിക്ഷേപിച്ചിരുന്നത്; | (ബി) | 2016-17 സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ തുമ്പ പുല്ലുവിള തീരക്കടലിൽ 120 എണ്ണം കോൺക്രീറ്റ് കൃത്രിമപ്പാരുകൾ നിക്ഷേപിച്ചു വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ പുതുക്കുറിച്ചി, കൊച്ചുതുറ തീരക്കടലിൽ 120 എണ്ണം കോൺക്രീറ്റ് കൃത്രിപ്പാരുകൾ നിക്ഷേപിക്കുന്നതിനുള്ള പദ്ധതിയുടെ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.<br><br>2011-12 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയിലൂടെ തിരുവനന്തപുരം ജില്ലയിലെ പൂവാർ, പുതിയതുറ, കരുംകുളം എന്നീ മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ 300 കോൺക്രീറ്റ് കൃത്രിമപ്പാരുകൾ നിക്ഷേപിച്ചു. 2014-15 സാമ്പത്തിക വർഷത്തിൽ മര്യനാട് തീരക്കടലിൽ 120 കോൺക്രീറ്റ് കൃത്രിമപ്പാരുകളും 20 പ്രത്യേക P.V.C. നിർമ്മിതമായ പാരുകളും നിക്ഷേപിച്ചു. തീരക്കടലിലും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 120 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചു. |
| (സി) | കടലിൽ നിലവിലുള്ള പ്രകൃതിദത്തപാരുകൾക്ക് സമീപമാണോ ഇത്തരം കൃത്രിമപ്പാരുകൾ സ്ഥാപിക്കുക; | (സി) | നിലവിലുള്ള പ്രകൃതിദത്ത പാരുകൾക്ക് സമീപമുള്ള Rocky Bed ൽ കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നത് അഭികാമ്യം ആയതിനാൽ ഇങ്ങനെ യുള്ള സ്ഥലങ്ങൾ കണ്ടെത്തിയാണ് കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നത്. |
| (ഡി) | എങ്കിൽ ഇത് മത്സ്യപ്രജനനത്തിനും വളർച്ചക്കും മത്സ്യസമ്പത്തിന്റെ വർദ്ധനവിനും സഹായകരമാകുമോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | 2012 മാർച്ചിൽ തിരുവനന്തപുരം ജില്ലയിലെ പുതിയതുറ, കരുംകുളം, പൂവാർ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 300 കൃത്രിമപ്പാരുകൾ നിക്ഷേപിക്കുകയു ണ്ടായി. 11 മാസത്തിന് ശേഷം കേരള സംസ്ഥാ ന തീരദേശ വികസന കോർപ്പഷേൻ നടത്തിയ പഠനത്തിലൂടെ പദ്ധതി ലക്ഷ്യം കണ്ട തായി മനസ്സിലാക്കുന്നു. ഈ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടത്തിയ അഭിമുഖ ചർച്ചയിലൂടെ കടലിൽ നിന്നുമുള്ള മത്സ്യലഭ്യത ഇരട്ടിച്ചതായി അറിയുന്നു. |

സെക്ഷൻ ഓഫീസർ